പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8057 — 16.07.2014 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗോത്രകലാമേള

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി.റ്റി. ബൽറാം: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് യുവജന ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗോത്രകലാമേള സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) & (ബി) ഉണ്ട്. സംസ്ഥാനത്തെ ഗോത്ര വർഗ്ഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ഗോത്രവർഗ്ഗ കലാമേളകൾ സംഘടിപ്പിച്ചുവരുന്നു. അന്യം നിന്നുപോകുന്ന ഗോത്രവർഗ്ഗ സംസ്കാരത്തെ പരിപോഷിപ്പിക്കുക, തനത് സാംസ്കാരിക മൂല്യങ്ങളേയും, വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളേയും വിശ്വാസങ്ങളേയും തനത് കലകളേയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുക എന്നിവയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. |
| (ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | |
| (സി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും യുവജനകാര്യ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ദേശീയതലത്തിൽ "ഗോത്രായനം" എന്ന പേരിൽ വയനാട് ജില്ലയിലെ മാനന്തവാടി വള്ളിയൂർക്കാവ് ക്ഷേത്ര മൈതാനത്ത് വച്ച് 2012 ഏപ്രിൽ 30 മുതൽ മെയ് 4 വരെ ദേശീയ ഗോത്ര വർഗ്ഗ കലാമേള അതിവിപുലമായി സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിലെ ഗോത്രവർഗ്ഗ കലകളുടെ അവതരണം, എക്സിബിഷൻ; സെമിനാറുകൾ, സാഹസിക പരിപാടികൾ, ഭക്ഷ്യമേള, ഫ്ളവർ ഷോ, മെഗാഷോ എന്നിവ സംഘടിപ്പിച്ചു. കേരളമുൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 500 ഓളം ആദിവാസി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു. |

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടു കൂടി 2013 നവംബർ 1 മുതൽ 4 വരെ കൊല്ലം ജില്ലയിലെ ഓച്ചിറയിൽ വച്ച് "ഗോത്രതാളം" എന്ന പേരിൽ സംസ്ഥാന ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ഗോത്രവർഗ്ഗ യുവജനങ്ങളുടെ കലാ പരിപാടികൾ, വംശീയ വൈദ്യം, ആവികളി, വംശീയ ഭക്ഷണം, കര. .കൗശല വസ്തുക്കൾ, കാർഷിക വിഭവങ്ങൾ, വനവിഭവങ്ങൾ എന്നിവയുടെ പ്രദർശനം ഉൾക്കൊള്ളിച്ചുള്ള എക്സിബിഷൻ, നിയമബോധവൽക്കരണം, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ്, വനാവകാശ നിയമം എന്നീ വിഷയങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള സെമിനാറുകൾ എന്നിവയും കൂടാതെ "ആദരണീയം" എന്ന പരിപാടിയും സംഘടിപ്പിച്ചു.

| | | | |
|---|---|---|---|
| (ഡി) | ആരുടെയെല്ലാം സഹകരണമാണ് അതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഗോത്രവർഗ്ഗ കലാമേളകൾ സംഘടിപ്പിക്കുന്നതിലേക്കായി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ